(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മെച്ചപ്പെട്ട റിസൾട്ടുണ്ടാക്കാത്ത ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മേൽ എന്തെങ്കിലും നടപടിയെടുക്കാനുദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്. ക്ലാസ്സിൽ പഠിപ്പിക്കേണ്ടതായ പാഠഭാഗങ്ങളുടെ ലസൺ പ്ലാൻസ് അതാത് അദ്ധ്യാപകർ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ഇപ്പോൾ തന്നെ കെ. ഇ.ആർ.-ൽ ഉണ്ട്. ഓരോ ആഴ്ചയിലും വേണ്ടുന്ന ലസൺ പ്ലാൻസ് തിങ്കളാഴ്ച ദിവസം തന്നെ ഹെഡ്മാസ്റ്റർക്ക് പരിശോധനയ്ക്ക് വയ്ക്കേണ്ടതാണ്. എല്ലാ അദ്ധ്യാപകരും ലസൺ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പരിശോധിച്ച് തിരിച്ച് നൽകേണ്ടതും ഹെഡ്മാസ്റ്റർമാരുടെ ചുമതലയാണ്. ഇത് സംബന്ധിച്ച് രജിസ്റ്റർ സ്കൂൾ ഓഫീസിൽ സൂക്ഷിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ പരിശോധനയ്ക്ക് വരുമ്പോൾ ടി രജിസ്റ്റർ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. ലസൺ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ അദ്ധ്യാപകർക്ക് മെച്ചപ്പെട്ട രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്. അക്കാഡമിക് ഇൻസ്പെക്ഷൻ നടത്തുന്ന സമയത്ത് ലസൺ പ്ലാൻ പ്രകാരമുള്ള തയ്യാറെടുപ്പോടുകൂടിയാണോ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉറപ്പുവരുത്താറുണ്ട്. ലസൺ പ്ലാൻ തയ്യാറാക്കി പ്രധാനാദ്ധ്യാപകന്റെ അംഗീകാരം വാങ്ങുവാനും പരിശോധനയ്ക്ക് വിധേയമാക്കാനും ഫലപ്രദമായി പഠനബോധന രീതി പ്രയോഗിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് മെച്ചപ്പെടാത്തതിന്റെ പേരിൽ അദ്ധ്യാപകരുടെമേൽ നടപടി എടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. മോശമായ റിസൾട്ടുണ്ടാക്കിയ സ്കൂളുകളിലെ റിസൾട്ട് മെച്ചപ്പെടുത്താനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്. അത്തരം സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ചുചേർത്ത് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

*15 [270] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഗവൺമെന്റ് തല നിർമ്മാണ ജോലികൾ ഈ സ്ഥാപനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കേന്ദ്രം വഴി നടത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർതല നിർമ്മാണ ജോലികൾ ഈ കേന്ദ്രം വഴി നടത്തുന്നതിൽ തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മൊത്തത്തിലുള്ള ആസ്തി വെളിപ്പെടുത്താമോ; ഇത് ഗവൺമെന്റിൽ നിക്ഷിപ്തമാണോ;

(ഇ) ഈ സ്ഥാപനത്തെ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിലവിൽ വന്നത് 5-6-1989-ൽ ആണ്.

(ബി) ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലായി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സർക്കാർതല നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ചില തടസ്സങ്ങൾ നിലവിലുണ്ട്. നിരതദ്രവ്യം അടയ്ക്കുക, സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുക എന്നിവ ചെയ്യാൻ നിർമ്മിതി കേന്ദ്രത്തിന് വ്യവസ്ഥകൾ ഇല്ല. ആയതിനാൽ മറ്റ് കരാറുകാരെപ്പോലെ മൽസര ടെണ്ടറുകളിൽ പങ്കെടുക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. വകുപ്പുകൾ നേരിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിച്ചാൽ മാത്രമേ അവ ഏറ്റെടുത്ത് നടപ്പിലാക്കാൻ നിർമ്മിതി കേന്ദ്രത്തിന് സാധിക്കുകയുള്ളൂ. നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനായി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ടെക്നിക്കൽ മാന്വൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുണ്ട്. ഇതിലെ നിയമങ്ങൾ അനുസരിച്ച് വിവിധ റീജിയണൽ കേന്ദ്രങ്ങൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രത്യേക മൂലധനമില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള തുക മുൻകൂറായി ലഭ്യമായാലെ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

(ഡി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മുഖ്യ ആഫീസ് തിരുവനന്തപുരത്ത് പി.ടി.പി. നഗറിൽ 3.64 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള 8 കെട്ടിടങ്ങളിലായി വിവിധ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ 15 റീജിയണൽ/റൂറൽ/പഞ്ചായത്ത് സെന്ററുകളും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ അധീനതയിലുണ്ട്. മിക്കവാറും എല്ലാ കേന്ദ്രങ്ങളും കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ച ഭൂമിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ ആസ്തി സർക്കാരിൽ നിക്ഷിപ്തമാണ്.

(ഇ) ഭവന നിർമ്മാണ വകുപ്പുമന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡിയിലാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly